LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരമ്പരാഗത തൊഴിലധിഷ്ഠിതമായ വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തേയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ള് വ്യവസായ മേഖലയിലെ നവീകരണത്തിനും വികസനത്തിനുമായി ധാരാളം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ അബ്കാരി നയരൂപീകരണ വേളയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ബി) ഉണ്ട്. കള്ള് ചെത്ത് മേഖലയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ കള്ള് ഷാപ്പുകളുടെ വിൽപ്പന മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ താലൂക്കിലെ കള്ള് ഷാപ്പുകളിലെ തൊഴിലാളികളുടെയും കൊടുങ്ങല്ലൂർ റെയ്ഞ്ചിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടെയും തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ടി കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചു. കള്ളുഷാപ്പുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതെ കിടക്കുന്ന പ്രദേശങ്ങളിലെ കള്ളുചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി നീര ഉല്പാദനത്തിന് സർക്കാർ അനുമതി നൽകി. കൂടാതെ, തൊഴിലാളികൾ നിരന്തരമായി ആവശ്യപ്പെട്ടിരുന്നതനുസരിച്ച് കള്ളുചെത്ത് മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണുന്നതിനുവേണ്ടി റെയ്ഞ്ച്തലംമുതൽ സംസ്ഥാനതലംവരെ സ്ഥിരം ഉപദേശക സമിതികൾക്ക് രൂപം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മാഫിയ-ക്രിമിനൽ ബന്ധമുള്ള എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

104 (3735) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പിരിറ്റ് മാഫിയ, മറ്റ് ക്രിമിനൽ സംഘങ്ങൾ എന്നിവരുമായി ബന്ധമുള്ള എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏതൊക്കെ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് ഈ സംഘങ്ങളുമായി ബന്ധമുള്ളതെന്നു വിശദമാക്കുമോ ;

(സി) ഈ സംഘങ്ങളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയെന്നും, നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) സ്പിരിറ്റ് മാഫിയയുമായി ബന്ധമുണ്ടെന്ന റിപ്പോർട്ടിൽ ശ്രീ. ഐ. പി. കെ. രാജൻ, പ്രിവന്റീവ് ഓഫീസർ (തിരുവനന്തപുരം), അബ്കാരി കേസുകളിൽ പ്രതിയായതിനെ തുടർന്ന് ശ്രീ. ഹാരിജോൺ (ആലപ്പുഴ), ശ്രീ. എം. സന്തോഷ് കുമാർ (തിരുവനന്തപുരം) എന്നിവർക്കെതിരെയും ക്രിമിനൽ കേസ്സിൽ പ്രതിയായതിനെത്തുടർന്ന് പ്രിവന്റീവ് ഓഫീസർ ശ്രീ. സിബു.എ.രാജ് (തിരുവനന്തപുരം), സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. എ. ഷിഹാബുദ്ദീൻ (തിരുവനന്തപുരം) എൻ.ഡി.പി.എസ്. കേസ്സിൽ പ്രതിസ്ഥാനത്തു ചേർത്തതിനെ തുടർന്ന് ശ്രീ. ഇ. ഇ. സുരേന്ദ്രൻ (ഇടുക്കി), ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ. റ്റി. എസ്. ബൈജു (കൊല്ലം)തിനെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ ശ്രീ. ഐ. പി. കെ. രാജൻ, പ്രിവന്റീവ് ഓഫീസർ, ശ്രീ. എം. സന്തോഷ് കുമാർ, ശ്രീ. ഹാരി ജോൺ, ശ്രീ. ഇ. ഇ. സുരേന്ദ്രൻ, (സിവിൽ എക്സൈസ് ഓഫീസർമാർ) എന്നിവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രിവന്റീവ് ഓഫീസർ ശ്രീ. സിബു എ. രാജ് കൊലക്കേസിൽ പ്രതിയായതിനെ തുടർന്ന് സസ്പെൻഷനിലാവുകയും കോടതി വിധി വരുന്ന മുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

ക്രിമിനൽ പശ്ചാത്തലമുള്ളവരുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ. റ്റി. എസ്. ബൈജു, സിവിൽ എക്സൈസ് ഓഫീസറെ കൊല്ലം ജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കെ.എസ്.ബി.സി. ഓഫീസിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

ശ്രീ. സന്തോഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസറെ അച്ചടക്ക നടപടികളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽനിന്നും കൊല്ലം ജില്ലയിലെ ചടയമംഗലം റെയ്ഞ്ചിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly